




**പരിമിതമായ സ്ഥലത്തോ ആശ്രമങ്ങളിലോ മാത്രം പരീക്ഷണാർത്ഥം പ്രയോഗിക്കാൻ സാധിക്കുന്നതാണ് ഗാന്ധിജിയുടെ ചിന്താഗതി എന്ന് പലരും തെറ്റിദ്ധരിച്ചതായി**

**എം. പീതാംബരൻ**

# അവഗണിക്കപ്പെട്ട ഗാന്ധി

സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുമുമ്പ്,ഇന്ത്യ വിഭജനത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമായിരുന്ന സമയത്ത്, ഗാന്ധിജി പറഞ്ഞു.' 'എനിക്ക് പൂമാലകൾ അർപ്പിക്കാനും, ജയ് വിളിക്കാനും ആളുകൾ ഏറെയുണ്ട്. എന്നാൽ, എന്റെ വാക്കുകൾ ശ്രദ്ധിക്കാനൊ, അവ പ്രാവർത്തികമാക്കാനൊ കാര്യമായി ആരും തുനിയുന്നില്ല." സ്വാതന്ത്ര്യലബ്ധിക്ക് ഏതാനും മാസങ്ങൾക്കൂടി വൈകിയാലും വിരോധമില്ല; അവിഭക്ത ഇന്ത്യയ്ക്കായിരിക്കണം സ്വാതന്ത്ര്യം ലഭിക്കേണ്ടത് എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. അദ്ദേഹത്തിന്റെ അടുത്ത അനുയായികളുടെപോലും അഭിപ്രായം മറിച്ചായിരുന്നു.'സ്വാതന്ത്ര്യം പെട്ടന്ന് ലഭിക്കണം,നിവൃത്തിയില്ലെങ്കിൽ; ഇന്ത്യയെ വിഭജിച്ചിട്ടാണെങ്കിൽപോലും'. സ്വാതന്ത്ര്യം ഒരു വിളിപ്പാട് അകലെയെത്തിയപ്പോൾ ഗാന്ധിജിയുടെ ആശയവും അദ്ദേഹത്തിന്റെ അനുയായികളുടെ പ്രവർത്തനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം എത്രമാത്രം രൂക്ഷമായിരുന്നു എന്ന് അദ്ദേഹത്തിന്റെ വാക്കുകൾ പ്രകടമാക്കുന്നു.

കേവലം അഞ്ചുമാസക്കാലം മാത്രമാണ് സ്വാതന്ത്ര്യഭാരതത്തിൽ ഗാന്ധിജി ജീവിച്ചിരുന്നത്. ഈ ചുരുങ്ങിയകാലയളവിൽ തന്നെ അനവധി തവണ അദ്ദേഹം ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തുകളെഴുതി. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാന കാലത്ത് മുന്നോട്ട് വച്ച മൂല്യങ്ങളിൽ നിന്ന്  വ്യതിചലിക്കരുത് എന്ന അഭ്യർത്ഥനയും മുന്നറിയിപ്പുകളുമായിരുന്നു ഈ കത്തുകൾ. കത്തുകൾക്കെല്ലാം വളരെ ആദരപൂർവ്വമുള്ള മറുപടികൾ ലഭിച്ചു. പക്ഷെ പ്രവർത്തനങ്ങൾ ഗാന്ധിയൻ ആശയങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ളതായിരുന്നു. അതേ സമയം അവർ ഗാന്ധിജിയെ മുക്തകണ്ഠം പ്രശംസിക്കുകയും ആദരപ്രകടനങ്ങൾ നടത്തുകയും ചെയ്തു.

(സംസ്ഥാന വൈസ്പ്രസിഡന്റ്,
കേരള സർവ്വോദയ മണ്ഡലം)



**സ്വാതന്ത്ര്യം ഒരു വിളിപ്പാട് അകലെയെത്തിയപ്പോൾ ഗാന്ധിജിയുടെ ആശയവും അദ്ദേഹത്തിന്റെ അനുയായികളുടെ പ്രവർത്തനങ്ങളും തമ്മിലുള്ള വൈരുദ്ധ്യം വളരെ രൂക്ഷമായിരുന്നു. അവരുടെ പ്രവർത്തനങ്ങൾ ഗാന്ധിയൻ ആശയങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ളതായിരുന്നു**

ഗാന്ധിജിയുടെ അഭിലാഷങ്ങളും ആശയങ്ങളുമാണ് സ്വാതന്ത്രഭാരതത്തിലെ പുതിയഭരണാധികാരികൾ നടപ്പിലാക്കുന്നത് എന്ന് സ്വാതന്ത്ര്യാനന്തരമുള്ള രണ്ടു മൂന്ന് തലമുറകൾ തെറ്റിദ്ധരിച്ചു. ഗാന്ധിജിയേയും അദ്ദേഹത്തിന്റെ ദർശനത്തേയും വേണ്ടവിധം മനസ്സിലാക്കുവാൻ സ്വതന്ത്ര ഇന്ത്യയിലെ ജനങ്ങൾക്ക് കഴിഞ്ഞില്ല.

മൂന്ന് വിശിഷ്ടകാര്യങ്ങളാണ് മഹാത്മജി ലോകത്തിനു സംഭാവന ചെയ്തത്:

1. മനസ്സ്, വാക്ക്, പ്രവൃത്തി എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട്,മൂല്യാധിഷ്ഠിതമായ ജീവിതം നയിച്ച് “എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശവും” എന്ന് പ്രഖ്യാപിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

2. അഹിംസാധിഷ്ഠിതവും നൂതനവുമായ മാർഗ്ഗത്തിലൂടെ(സമരത്തെയും സൃഷ്ട്യുന്മുഖമായ പ്രവർത്തനങ്ങളെയും സമന്വയിപ്പിച്ച്) ദേശീയ സ്വാതന്ത്ര്യ സമരത്തെ ബഹുജനപ്രസ്ഥാനമായി വളർത്തിയെടുത്തു.

3. ലോകത്തിന്റെ സുസ്ഥിരതക്ക് ആധാരമാകേണ്ടതായ ഒരു ദർശനം അദ്ദേഹം മുന്നോട്ടു വെച്ചു. അതാണ് ‘സർവ്വോദയം.’

ഇതിൽ ആദ്യത്തെ രണ്ടു കാര്യങ്ങൾ സ്വീകരിക്കാൻ കൂടുതൽ കൂടുതൽ വ്യക്തികളും പ്രസ്ഥാനങ്ങളും രംഗത്തു വന്നുകൊണ്ടിരിക്കുന്നു. മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർക്കു ഗാന്ധിജി പ്രചോദനമായി തുടരുന്നു.

അഹിംസാധിഷ്ഠിതമായ സമരമാർഗ്ഗത്തിലൂടെ അടിമത്വത്തിനു വർണ്ണവിവേചനത്തിനും അറുതി വരുത്തുവാൻ, ഇരുപതാം നൂറ്റാണ്ടിൽ, വിവിധ രാജ്യങ്ങൾക്ക് സാധിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിന്റെ അനുഭവവും ഇതുതന്നെയാണ്. സ്വേച്ഛാധിപത്യത്തിനും മർദ്ദകഭരണങ്ങൾക്കും സാമ്പത്തിക ചൂഷണത്തിനും അഴിമതിക്കും എതിരെ സത്യഗ്രഹത്തിന്റേയും സഹന സമരത്തിന്റേയും പാത സ്വീകരിക്കുന്ന പ്രസ്ഥാനങ്ങൾക്ക് വിജയം കരഗതമാകുന്നു.

സമരരംഗത്ത് വിജയം കൈവരിക്കാനുള്ള ഒരു രീതിശാസ്ത്രം എന്ന നിലയ്ക്കും ലക്ഷ്യത്തിലേക്കുള്ള ഒരു വാഹനം എന്ന നിലയ്ക്കുമാണ് പലരും സത്യഗ്രഹത്തേയും സഹനസമരത്തേയും കരുതുന്നത്.

എന്നാൽ കേവലമായ ഇത്തരം വിജയത്തിനുമപ്പുറം സാമൂഹ്യമാറ്റത്തിനും രാഷ്ട്രനിർമ്മാണത്തിനും സൗഹൃദപരമായ അന്താരാഷ്ട്രബന്ധങ്ങൾക്കും അടിത്തറയായി സർവ്വോദയമെന്ന ദർശനത്തെ പ്രായോഗികമാക്കാൻ ഏവരും മടികാണിക്കുന്നു.

ഗാന്ധിജിയുടെ ജന്മനാടായ ഭാരതം പോലും ഭരണഘടന രൂപീകരിച്ചപ്പോൾ സർവ്വോദയമാണ് തങ്ങളുടെ അടിസ്ഥാന പ്രമാണമെന്നു പ്രഖ്യാപിക്കാൻ തയ്യാറായില്ല. ജനാധിപത്യം, സോഷ്യലിസം, മതേതരത്വം, പരമാധികാരം എന്നിങ്ങനെ പല വാക്കുകളും ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തെങ്കിലും സർവ്വോദയം എന്ന സംജ്ഞ ചേർക്കാനോ അതിനനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടത്താനോ സ്വതന്ത്രഭാരതത്തിന് സാധിച്ചില്ല.

## അവഗണിക്കപ്പെട്ട ദർശനം

സ്വാതന്ത്ര്യത്തിനുശേഷം രണ്ടുമൂന്നു തലമുറ പിന്നിട്ടപ്പോൾ സർവ്വോദയം എന്ന വാക്കു പോലും അന്യമാകുന്നു. ഗാന്ധിജിയുടെ വ്യക്തിജീവിതത്തെക്കുറിച്ചും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമരത്തെക്കുറിച്ചും ധാരാളം പറയുകയും എഴുതുകയും ചെയ്തു. എന്നാൽ ഗാന്ധിജിയുടെ ദർശനമായ സർവ്വോദയത്തെക്കുറിച്ച് മൗനം പാലിച്ചു. സ്വതന്ത്രഭാരതത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ സർവ്വോദയദർശനങ്ങളിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഭരണനേതൃത്വം തയ്യാറായതുമില്ല.

ഗാന്ധിജിയെക്കുറിച്ച് വാതോരാതെ സംസാരിക്കുമ്പോഴും ഗാന്ധിസം എന്ന ഒരു ഇസമില്ല എന്ന് ഗാന്ധിജി തന്നെ പറഞ്ഞിട്ടുണ്ട് എന്ന് ആവർത്തിച്ച് പറയാനും ഇക്കൂട്ടർ പ്രത്യേകം ശ്രദ്ധിച്ചു. ഇത്തരം ഒരു സാഹചര്യത്തിൽ ഗാന്ധിജി ഒരു ദർശനം വിഭാവനം ചെയ്തിരുന്നില്ല എന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചാൽ അതു പുതിയ തലമുറയുടെ തെറ്റല്ല. പരിമിതമായ സ്ഥലത്തോ ആശ്രമങ്ങളിലോ മാത്രം പരീക്ഷണാർത്ഥം പ്രയോഗിക്കാൻ സാധിക്കുന്നതുമാണ് ഗാന്ധിജിയുടെ ചിന്താഗതി എന്നും വിശാലമായ ഒരു രാഷ്ട്രനിർമ്മാണത്തിലോ അന്താരാഷ്ട്ര ബന്ധങ്ങളിലോ ഇതു പ്രയോഗിക്കാനാവില്ല എന്നും പലരും തെറ്റിദ്ധരിച്ചു.